LIBRARY ARCHIVES Kerala Legislative Assembly

ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിന്റെ നടപടിക്രമം

5 (3288) ശ്രീ. ആർ. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നബാർഡിലേക്ക് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് സമർപ്പിക്കുന്നതിന്റെ നടപടിക്രമം വിശദമാക്കുമോ ;

(ബി) ആർ. ഐ. ഡി. എഫ്.-ൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ധം എന്താണ് ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകുമോ ?

ഉത്തരം

(എ) നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered Committee) പ്രവർത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കുള്ള അർഹമായ വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി ധനകാര്യ വകുപ്പുവഴി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശത്തോട് കൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്.

(ബി) നബാർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പദ്ധതി നിർദ്ദേശങ്ങളിൽ ലഭ്യമായ വിഹിതത്തിനുള്ളിൽ നിർത്തി സംസ്ഥാന സർക്കാർ മുൻഗണനാ ക്രമത്തിൽ അംഗീകാരം നൽകുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.